# ദേശീയ ഡിജിറ്റൽ ലൈബ്രറി നിലവിൽവന്നു

**തിരുവനന്തപുരം** ▸ രാജ്യത്തെ ഏകവിജ്ഞാന കേന്ദ്രമാക്കുന്ന ദേശീയ ഡിജിറ്റൽ ലൈബ്രറി സംവിധാനം പി.എൻ. പണിക്കർ അനുസ്മരണ ദേശീയ വായനദിനത്തിൽ നിലവിൽവന്നു.

365 ദിവസം 24 മണിക്കൂറും ഏത് ഭാരതീയനും അവരവരുടെ വീട്ടിലിരുന്നോ അഥവാ അടുത്തുള്ള പൊതുഗ്രാമീണ ഗ്രന്ഥശാലയിൽ നിന്നോ സൗജന്യമായി ഉപയോഗിക്കാം. ഒരു കോടി എഴുപത് ലക്ഷം റെക്കോഡുകളും പുസ്തകങ്ങളും ലഭ്യമാകുന്ന ഈ ഡിറ്റിജൽ ലൈബ്രറി സംവിധാനം കേന്ദ്ര സർക്കാർ മാനവവിഭവശേഷി മന്ത്രാലയത്തിനുവേണ്ടി ഐ.ഐ.ടി. ഖരഗ്പുരാണ് തയ്യാറാക്കിയത്.

ഭാരതത്തിലെ ജനസംഖ്യയുടെ അറുപത് ശതമാനം സാമാന്യജനങ്ങളിൽ അറിവിന്റെ പുതിയ ചക്രവാളങ്ങൾ ലഭിക്കുവാൻ ഡിജിറ്റൽ ലൈബ്രറി സംവിധാനത്തിലൂടെ സാധ്യമാകുമെന്ന് ഉദ്ഘാടനം നിർവഹിച്ച കേന്ദ്ര മാനവവിഭവശേഷി മന്ത്രി പ്രകാശ് ജാവദേക്കർ പറയുകയുണ്ടായി.

ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്ര സാംസ്കാരിക മന്ത്രി ഡോ. മഹേഷ് ശർമ്മ, മാനവവിഭവശേഷി സഹമന്ത്രി ഡോ. സത്യപാൽ സിങ്, മാനവവിഭവശേഷി സെക്രട്ടറി ആർ. സുബ്രഹ്മണ്യം, ഡിജിറ്റൽ ലൈബ്രറി സംവിധാനത്തിന് ചുക്കാൻ പിടിച്ച ഐ.ഐ.ടി. ഖരഗ്പുർ ഡയറക്ടർ പി.പി. ചക്രവർത്തി, പി.എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ, കേന്ദ്ര മാനവവിഭവശേഷി ജോയിന്റ് സെക്രട്ടറി ഡോ. ശരവണകുമാർ എന്നിവർ പങ്കെടുത്തു.

https://ndl/iitkgp.ac.in എന്ന വെബ്സൈറ്റിലൂടെ 200 ഭാഷകളിലായി 1.7 കോടി വിവരങ്ങൾ, ലേഖനങ്ങൾ ഒരു കോടി, ഇ-ബുക്കുകൾ 30 ലക്ഷം, ജേണലുകൾ 11 ലക്ഷം എന്നിവ ലഭ്യമാകും. ഏത് വിഷയത്തെക്കുറിച്ചുള്ള ആധികാരിക ഗ്രന്ഥങ്ങളും എൻ.സി.ഇ.ആർ.ടി.യുടെയും സ്കൂൾ ബോർഡുകളുടെയും 106 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പുസ്തകങ്ങളും കിട്ടും.